LIBRARY ARCHIVES Kerala Legislative Assembly

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

SECOND SESSION—1950

Thursday, the 2nd November 1950

Vol. III] OFFICIAL REPORT [No. 12

The Assembly met in the Legislative Chamber, Trivandrum, at Eleven of the clock on Thursday, the 2nd November 1950, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The numbers within brackets indicate the number in the list of admitted questions for the day.)

Oral Answers

ലാൻഡ് ടാക്സ് എൻക്വയറി കമ്മിററി

*൩൧൯. (൧) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഫൈനാൻസ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ലാൻഡ് ടാക്സ് എൻക്വയറി കമ്മിററിയുടെ റിപ്പോർട്ട ഗവമ്മെണ്ടിനു എപ്പോഴാണ് കിട്ടിയതു്;

(ബി) അതിന്മേൽ ഗവമ്മെണ്ട് എന്തു നടപടി നടത്തി?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ൧൯൫൦ ജാനുവരി ൮-ാംനു.

(ബി) ഈ റിപ്പോർട്ട ക്യാബിനററു പര്യാലോചിക്കുകയും അതിനെസംബന്ധിച്ചുള്ള നിയമപണ്ഡിതന്മാരുടെ അഭിപ്രായം ആരായുകയും ചെയ്യണമെന്നുള്ള തീരുമാനമനുസരിച്ചു അഡ്വക്കേററു ജനറലിനും ലാ സെക്രട്ടറിക്കും റവന്യൂ സെക്രട്ടറിക്കും അയയ്ക്കുകയും അവരുടെ റിപ്പോർട്ടുകൾ കിട്ടുകയും ചെയ്തിട്ടുണ്ട്. അതിനെപ്പററി വേണ്ട ആലോചനകൾ നടത്തി ഉടനെ തീരുമാനിക്കുന്നതാണ്.

ശ്രീ. പി. നാണു: ആ റിപ്പോർട്ടിൻെറ സാമാന്യമായ രൂപമെന്താണ്?

ശ്രീ. എ. ജെ. ജാൺ: അതിനെപ്പററിയുള്ള അവസാന ഉത്തരവു പാസ്സാക്കിയശേഷമെ പറയുവാൻ സാധിക്കുകയുള്ളു.

ശ്രീ. പി. നാണു: ലാൻഡ് ടാക്സ് എൻക്വയറി കമ്മിററി റിപ്പോർട്ട് ഒരു പബ്ലിക്ക കമ്മിററി റിപ്പോർട്ടാണോ?

ശ്രീ. എ. ജെ. ജാൺ: അതെ.

ശ്രീ. പി. നാണു: അങ്ങനെയാണെങ്കിൽ പബ്ലിക്ക് ആവശ്യപ്പെട്ടാൽ അതു തരേണ്ടതല്ലേ?

ശ്രീ. എ. ജെ. ജാൺ: ആ കാര്യത്തെപ്പററി ഗവമ്മെണ്ട് തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. നാണു: ലാൻറ് മാക്സിമം സംബന്ധിച്ച് എന്തെങ്കിലും ഒരു റിപ്പോർട്ടിലുണ്ടോ?

ശ്രീ. എ. ജെ. ജാൺ: മാക്സിമത്തെ സംബന്ധിക്കുന്നതല്ല, അതു ലാൻഡ്ടാക്സ് റിപ്പോർട്ടാണ്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: പബ്ലിക്ക കമ്മിററികളുടെ റിപ്പോർട്ടു പരസ്യപ്പെടുത്തണമെന്നാവശ്യപ്പെട്ടാൽ, പരസ്യപ്പെടുത്തുമോ?

ശ്രീ. എ. ജെ. ജാൺ: വേണമെന്നു തോന്നിയാൽ, ചിലതെല്ലാം പരസ്യപ്പെടുത്തും.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ റിപ്പോർട്ടു പരസ്യപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: പരസ്യപ്പെടുത്തിയിട്ടില്ല.

Sri. D. Gnanasigamoni: May I know whether this land tax is also referred to the Land Committee for report?

Sri. A. J. John: Some points have been referred to the Land Committee also.

സാമുദായിക സംഘടനകൾ

*൯൨൦. (൨) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) സാമുദായികസംഘടനകളെ ഗവമ്മെണ്ട് അംഗീകരിക്കുന്നുണ്ടോ;

(ബി) ഇക്കൊല്ലം സമുദായസംഘടനകളുടെ അപേക്ഷകളും നിവേദനങ്ങളും ഗവമ്മെണ്ട് അനുവദിച്ചുകൊടുത്തിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടുന്ന സമുദായസംഘടനകളെ സാധാരണയായി അംഗീകരിക്കാറില്ല.

(ബി) ഇല്ല.

ശ്രീ. പി. നാണു: രാഷ്ട്രീയകാര്യങ്ങളിൽ ഉൾപ്പെടാത്ത ഏതെങ്കിലും സമുദായസംഘടന നമ്മുടെ നാട്ടിലുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: രാഷ്ട്രീയകാര്യങ്ങളിൽ ഇടപ്പെടുകയില്ലെന്നു പ്രഖ്യാപനം ചെയ്തുകൊണ്ടു പ്രമേയങ്ങൾ പാസ്സാക്കിയിട്ടുള്ള സമുദായസംഘടനകൾ ഉണ്ട്.

ശ്രീ. പി. നാണു: ആ സംഘടനകൾ പ്രമേയം അനുസരിച്ചുതന്നെയാണോ പ്രവത്തിക്കുന്നതു്, അതോ രാഷ്ട്രീയകാര്യങ്ങളിൽ ഉൾപ്പെടുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു അഭിപ്രായവ്യത്യാസമുള്ള ഒരു കാര്യമാണ്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: സമുദായസംഘടനകൾക്കു നല്കിക്കൊണ്ടിരിക്കുന്ന ഗ്രാൻറ തുടന്നു നല്കാൻ തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു ചിന്താവിഷയമായിട്ടില്ല.

ശ്രീ. എ. പി. ഉദയഭാനു: സമുദായസംഘടനകളെ അംഗീകരിക്കുക എന്നു വച്ചാൽ എന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: സമുദായസംഘടനകളെ കഴിയുന്ന വിധത്തിൽ പ്രോത്സാഹിപ്പിക്കാതിരിക്കുക എന്നുള്ളതാണ് ഗവമ്മെണ്ടിൻെറ നയം.